# മുപ്പതാണ്ട് പിന്നിടുന്ന 'അന്നഹ്ദ'

**തു**നീഷ്യയിലെ പ്രമുഖ ഇസ്‌ലാമിക പ്രസ്ഥാനമായ അന്നഹ്ദ മുപ്പതാണ്ട് പിന്നിടുന്നു. 1981 ജൂൺ ആറിനാണ് അന്നഹ്ദയുടെ പൂർവ നാമമായ 'തുനീഷ്യൻ ഇസ്‌ലാമിക പ്രസ്ഥാനം' ആരംഭിച്ചത്. മതത്തിന്റെ പേരിൽ സംഘടിക്കുന്നതിന് ഭരണകൂടം വിലക്ക് ഏർപ്പെടുത്തിയ സാഹചര്യത്തിലാണ് 1989-ൽ 'അന്നഹ്ദ'എന്നാക്കി മാറ്റിയത്.

1972 മുതൽ റാശിദുൽ ഗനൂശി ആരംഭിച്ച ചിന്താവിപ്ലവമാണ് ഇസ്‌ലാമിക പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിലേക്ക് നയിച്ചത്. പള്ളികൾ കേന്ദ്രീകരിച്ച് നടത്തിയ ബോധവത്കരണത്തിലൂടെയായിരുന്നു പ്രസ്ഥാനത്തിന്റെ തുടക്കം. 1974-ൽ സർക്കാർ അനുമതിയോടെ ആരംഭിച്ച 'അൽമഅ്‌രിഫ' മാഗസിനാണ് പ്രസ്ഥാനത്തിന്റെ ആദ്യ കാലത്ത് ആശയ പ്രചാരണത്തിന് ഉപകരിച്ചത്.

പ്രസ്ഥാനം നിലവിൽ വന്ന് ഒരു മാസത്തിനകം റാശിദുൽ ഗനൂശി, അബ്ദുൽ ഫത്താഹ് മോറോ എന്നീ നേതാക്കൾ ഉൾപ്പെടെയുള്ളവർ ജയിലിലടക്കപ്പെട്ടു. പത്തു വർഷം തടവ് വിധിക്കപ്പെട്ട ഗനൂശി, ഭരണത്തിലുള്ള ചിലരുടെ സമ്മർദം കാരണം നാല് വർഷത്തിന് ശേഷം മോചിതനായി. മൂന്ന് വർഷത്തെ തടവിനു ശേഷം മോറോ ജയിൽ മോചിതനായിരുന്നു. തടവറക്ക് പുറത്ത് വന്ന ഗനൂശി വീണ്ടും കഠിന തടവിന് ശിക്ഷിക്കപ്പെടുകയാണുണ്ടായത്.

മുൻ പ്രസിഡന്റുമാരായ ഹബീബ് ബൂറഖീബ, സൈനുൽ ആബിദീൻ ബിൻ അലി എന്നിവർ പ്രസ്ഥാനത്തെയും അതിന്റെ അനുയായികളെയും കഠിനമായി പീഡിപ്പിച്ചുകൊണ്ടിരുന്നു. പർദ ധരിക്കുന്നതും താടി വളർത്തുന്നതും തീവ്രവാദത്തിന്റെ ചിഹ്നങ്ങളായി ചിത്രീകരിക്കപ്പെട്ട തുനീഷ്യയിൽ നമസ്കാരത്തിൽ ചിട്ട പുലർത്തുന്നത് നോട്ടപ്പുള്ളിയാകാനുള്ള കാരണമായിരുന്നു. ബിൻ അലിയുടെ ഭരണം അട്ടിമറിക്കാൻ ശ്രമിച്ചു എന്ന കുറ്റത്തിന് ജീവപര്യന്തം തടവ് വിധിക്കപ്പെട്ട ശേഷമാണ് ഗനൂശി വിദേശത്തുനിന്ന് പ്രസ്ഥാനത്തെ നിയന്ത്രിച്ചത്.


● റാശിദ് ഗനൂശി

മുല്ലപ്പൂ വിപ്ലവത്തെത്തുടർന്ന് രാജ്യം വിട്ടോടിയ സൈനുൽ ആബിദീന്റെ ഭരണം അവസാനിച്ച ശേഷമാണ് അന്നഹ്ദ നേതാക്കൾ ജയിൽ മോചിതരായതും വിദേശത്തായിരുന്ന റാശിദുൽ ഗനൂശി തുനീഷ്യയിൽ തിരിച്ചെത്തിയതും. മുപ്പത് വർഷം പിന്നിടുന്ന പ്രസ്ഥാനം ഇത്തവണ അതിന്റെ ചരിത്രത്തിലാദ്യമായി പരസ്യമായി വാർഷികം ആഘോഷിക്കുമെന്ന് ഗനൂശി വ്യക്തമാക്കുകയുണ്ടായി.

ഇഖ്‌വാനുൽ മുസ്‌ലിമൂനുമായി നേരിട്ട് ബന്ധമില്ലെങ്കിലും ലോക ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ഭാഗമാണ് അന്നഹ്ദയും. അന്താരാഷ്ട്ര പണ്ഡിത സഭനേതാക്കളിലൊരാളായ ഗനൂശി ഇഖ്‌വാന്റെ ആഗോള നേതൃത്വത്തിലും അംഗമാണ്.

## ഗസ്സ ഉപരോധം ലംഘിക്കാൻ 'അൽകറാമ' പുറപ്പെട്ടു

**ഫ**ലസ്തീനിലെ ഗസ്സക്ക് മേൽ ദീർഘകാലമായി ഇസ്രയേൽ ഏർപ്പെടുത്തി വരുന്ന ഉപരോധം ലംഘിക്കുന്നതിനായി രൂപവത്കരിക്കപ്പെട്ട 'അൽഹുർറിയ്യ' സംഘത്തിലെ ആദ്യ കപ്പൽ ഫ്രാൻസിൽ നിന്ന് പുറപ്പെട്ടു. അൽകറാമ എന്നാണ് ഈ കപ്പലിന് പേരിട്ടിരിക്കുന്നത്. ഗ്രീസിൽ നിന്ന് പുറപ്പെടുന്ന മറ്റൊരു കപ്പലും അൽകറാമയോടൊപ്പം ചേരും. കപ്പൽ തടയുമെന്നും ഗസ്സ തുറമുഖത്തേക്ക് അടുക്കാൻ സമ്മതിക്കില്ലെന്നും സയണിസ്റ്റ് രാഷ്ട്രം പ്രഖ്യാപിച്ചിട്ടുണ്ട്. ജീവകാരുണ്യ, അടിസ്ഥാന മാനുഷിക സഹായവുമായി വരുന്ന സംഘം ഏത് പ്രതിസന്ധിയും തരണം ചെയ്ത് ഗസ്സയെ ലക്ഷ്യമാക്കി മുന്നേറുമെന്ന് തിരിച്ചടിച്ചിട്ടുണ്ട്.

# ഇഖ്‌വാനിലെ പിളര്‍പ്പ് മാധ്യമ പ്രചാരണം

പ്രസിഡന്റ് തെരഞ്ഞെടുപ്പില്‍ നിന്ന് വിട്ടു നില്‍ക്കാനുള്ള ഇഖ്‌വാനുല്‍ മുസ്‌ലിമൂന്റെ ഔദ്യോഗിക തീരുമാനത്തിന് വിരുദ്ധമായി പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുമെന്ന് പ്രഖ്യാപിച്ച ഡോ. അബ്ദുല്‍ ഫുതൂഹിനെ സംഘടനാ അംഗത്വത്തില്‍നിന്ന് പുറത്താക്കിയത് സംഘടനയുടെ സ്വാഭാവിക അച്ചടക്ക നടപടി മാത്രമാണെന്ന് ഇഖ്‌വാന്‍ വൃത്തങ്ങള്‍ വിശദീകരിച്ചു. വരാനിരിക്കുന്ന തെരഞ്ഞെടുപ്പില്‍ നിര്‍ണായക സ്വാധീനം ചെലുത്തുന്ന ഇഖ്‌വാനെതിരെ കുപ്രചാരണങ്ങള്‍ അഴിച്ചുവിടുന്ന ചില മാധ്യമങ്ങള്‍ക്ക് വീണു കിട്ടിയ വടിയായിരുന്നു മുതിര്‍ന്ന ഇഖ്‌വാന്‍ നേതാവ് കൂടിയായ അബ്ദുല്‍ ഫുതൂഹിന്റെ പ്രഖ്യാപനം. ഇതിന്റെ ചുവടുപിടിച്ചാണ് ഈജിപ്തിലെ ഏറ്റവും വലിയ കക്ഷികളിലൊന്നായ ബ്രദര്‍ഹുഡ് പിളര്‍പ്പിനെ നേരിടുന്നതായി ചില പാശ്ചാത്യ മാധ്യമങ്ങള്‍ പ്രചാരണം തുടങ്ങിയത്. എന്നാല്‍ ദേശീയ ഐക്യത്തിനും താഴെ തട്ടിലുള്ള പ്രവര്‍ത്തനങ്ങള്‍ക്കുമാണ് ഇഖ്‌വാന്‍ കൂടുതല്‍ മുന്‍ഗണന നല്‍കുന്നതെന്നും ഇതിന്റെ ഭാഗമായാണ് വരാനിരിക്കുന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പില്‍നിന്ന് വിട്ടുനില്‍ക്കാന്‍ കൂടിയാലോചനാ സമിതി തീരുമാനിച്ചതെന്നും ഇഖ്‌വാന്‍ വ്യക്തമാക്കി. മുതിര്‍ന്ന നേതാക്കളാണെങ്കിലും അച്ചടക്ക നടപടിയെടുക്കാന്‍ കഴിയുന്നത് സംഘടനയുടെ ആഭ്യന്തര ഭദ്രതയെയും സംഘടനാ കെട്ടുറപ്പിനെയുമാണ് കാണിക്കുന്നതെന്നും ഇഖ്‌വാന്‍ വൃത്തങ്ങള്‍ പറഞ്ഞു.


● അബ്ദുല്‍ ഫുതൂഹ്

# ഖുദ്സിലെ ശ്മശാനങ്ങളിലും ഇസ്രയേല്‍ നായാട്ട്

ഖുദ്സിലെ പുരാതനമായ മഅ്മനുല്ല മഖ്ബറയിലെ 100 ഖബ്‌റുകള്‍ ഇസ്രയേല്‍ ബുള്‍ഡോസറുകള്‍ മാന്തിനീക്കിയതായി വഖ്ഫ് സ്വത്തുക്കളുടെയും പൗരാണികാവശിഷ്ടങ്ങളുടെയും സംരക്ഷണാര്‍ഥം പ്രവര്‍ത്തിക്കുന്ന അല്‍അഖ്‌സാ ഫൗണ്ടേഷന്‍ ആരോപിച്ചു. ജൂണ്‍ 25 ശനിയാഴ്ച അര്‍ധരാത്രി 11 മണിക്കാണ് 3 ബുള്‍ഡോസറുകളും ലോറികളും ഇരുപതോളം തൊഴിലാളികളുമായി അധിനിവേശ സംഘം മഖ്ബറയിലെത്തിയത്. ഞായറാഴ്ച വെളുപ്പിന് മൂന്ന് മണിവരെയും തുടര്‍ന്ന ഖബ്‌ര്‍ മാന്തലില്‍ 100 ഖബ്‌റുകള്‍ പൂര്‍ണമായും നീക്കം ചെയ്തു. സംഭവം നടന്നതായി ഖുദ്സിലെ മുഫ്തിയും മസ്ജിദുല്‍ അഖ്‌സായിലെ ഖത്വീബുമായ ശൈഖ് മുഹമ്മദ് ഹുസൈന്‍ സ്ഥിരീകരിച്ചു. ശ്മശാനഭൂമിയില്‍ 'സൗഹാര്‍ദം' എന്ന പേരിലുള്ള ഒരു മ്യൂസിയം നിര്‍മിക്കുകയാണത്രെ ഇസ്രയേലിന്റെ ലക്ഷ്യം. മുസ്‌ലിംകള്‍ക്ക് മാത്രം അവകാശപ്പെട്ട ശ്മശാനഭൂമി കൈയേറുന്നതും കെട്ടിടങ്ങള്‍ നിര്‍മിക്കുന്നതും അങ്ങേയറ്റം ഗുരുതരവും അപലപനീയവുമാണെന്ന് അദ്ദേഹം പറഞ്ഞു. ഖുദ്സില്‍ അവശേഷിക്കുന്ന ഇസ്‌ലാമിക പൗരാണിക ശേഷിപ്പുകളെ തുടച്ചുനീക്കുന്നതിന്റെ ഭാഗമാണ് ഈ കൈയേറ്റമെന്നും ജീവിച്ചിരിക്കുന്നവരെയും മരണമടഞ്ഞവരെയും അവമതിക്കുകയാണ് ഇതിലൂടെ ചെയ്തിരിക്കുന്നതെന്നും അദ്ദേഹം തുടര്‍ന്നു. ഇത് സൗഹാര്‍ദമല്ല; അതിക്രമമാണെന്നും ശൈഖ്, ഇസ്രയേലിനെ ഓര്‍മിപ്പിച്ചു.

ഇസ്രയേല്‍ കോടതിയുടെ ആശീര്‍വാദത്തോടെയാണ് ഖബ്‌ര്‍ മാന്തല്‍ അരങ്ങേറിയത്. ഇതിന് മുമ്പും പലപ്പോഴായി അധിനിവേശകര്‍ മഅ്മനുല്ല ഖബ്‌റിസ്ഥാനിലെ ഖബ്‌റുകള്‍ തകര്‍ത്തിട്ടുണ്ട്. 2010-ല്‍ തകര്‍ക്കപ്പെട്ട ആയിരം ഖബ്‌റുകള്‍ പുനര്‍നിര്‍മിച്ച ഉടനെയാണ് ഇസ്രയേല്‍ സേന 300 ഖബ്‌റുകള്‍ തകര്‍ത്തതെന്ന് അല്‍ അഖ്‌സാ ഫൗണ്ടേഷന്‍ ഭാരവാഹികള്‍ പറഞ്ഞു. ഖുദ്സിന്റെ ആദ്യ വിമോചകന്‍ ഉമര്‍ ഖത്ത്വാബി(റ)ന്റെ കാലം മുതല്‍ ഈ ശ്മശാനം മുസ്‌ലിം സമൂഹത്തിന്റെ വഖ്ഫ് ഭൂമിയാണ്. ഇവിടെ മുസ്‌ലിം സമൂഹത്തിലെ അനേകായിരങ്ങള്‍ അന്ത്യവിശ്രമം കൊള്ളുന്നുണ്ട്.


● മഅ്മനുല്ല മഖ്ബറ ഇടിച്ചു നിരത്തുന്നു

മഅ്മനുല്ല ശ്മശാനം 1948-ല്‍ 200 ഹെക്ടര്‍ വിസ്തൃതി ഉണ്ടായിരുന്നു. ഇസ്രയേല്‍ കൈയേറ്റത്തില്‍ ഇപ്പോള്‍ അവശേഷിക്കുന്നത് കേവലം 24 ഹെക്ടറാണ്. മ്യൂസിയത്തിന് പുറമെ കോടതി കെട്ടിട സമുച്ചയം, കാര്‍ പാര്‍ക്കിംഗ് ഏരിയകള്‍ തുടങ്ങിയവ നിര്‍മിക്കുകയാണ് ശ്മശാനം തകര്‍ക്കുന്നതിലൂടെ സയണിസ്റ്റ് രാഷ്ട്രം ലക്ഷ്യമിടുന്നതെന്നാണ് ഖുദ്സ് ഫൗണ്ടേഷന്‍ ഭാരവാഹികള്‍ ആരോപിക്കുന്നത്.